മലയാള മനോരമ 13 December 2021

# കക്കയെ കാത്തു, കക്ക തിരിച്ചും

## കക്കാ സംരക്ഷണ പദ്ധതിയിൽ നേട്ടം കൊയ്ത് തൊഴിലാളികൾ; 2 വർഷത്തിനിടെ വേമ്പനാട്ടുകായലിൽ 70 ശതമാനം വർധന

പൂച്ചാക്കൽ • വേമ്പനാട്ടു കായലിലെ കക്കാ സംരക്ഷണ പദ്ധതിയിൽ കക്കയിറച്ചിയിലും കക്കാത്തൊണ്ടിലും നേട്ടംകൊയ്തു തൊഴിലാളികൾ. ജില്ലയിൽ വേമ്പനാട് കായൽ സംരക്ഷണ പദ്ധതിയുടെ ഭാഗമായി കക്കയും കരിമീനും സംരക്ഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സിഎംഎഫ്ആർ) സഹകരണത്തോടെ രണ്ടുവർഷം മുൻപാണു പദ്ധതി തുടങ്ങിയത്. അന്നുണ്ടായിരുന്നതിനെക്കാൾ 70 ശതമാനത്തിലധികം കക്കയുടെ വർധനയുണ്ടായെന്നു തൊഴിലാളികൾ പറയുന്നു.

കക്കാ പുനരുജ്ജീവന പദ്ധതി വിജയം കണ്ടതോടെയാണ് കൂടുതൽ മേഖലയിലേക്ക് കക്കയും കരിമീനും സംരക്ഷിക്കുന്നതിനു വേണ്ടി കക്കാ-കരിമീൻ സംരക്ഷണ പദ്ധതിക്ക് ഫിഷറീസ് വകുപ്പ് രൂപം നൽകിയത്.

വേമ്പനാട്ടു കായലിൽ തണ്ണീർമുക്കം ബണ്ടിന് തെക്കുഭാഗത്ത് കറുത്ത കക്കയുടെ അളവ് വർഷാവർഷം ഗണ്യമായി കുറയുന്നതായി ഫിഷറീസ് വകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിരുന്നു. ഇതു കക്കാവാരൽ തൊഴിലാളികളുടെ ഉപജീവനത്തിനുതന്നെ വലിയ പ്രതിസന്ധി സൃഷ്ടിച്ചതോടെയാണു പദ്ധതിക്കു തുടക്കംകുറിച്ചത്.

തണ്ണീർമുക്കം ബണ്ടിന്റെ വടക്ക് ഭാഗത്ത് ധാരാളമായുള്ള മല്ലിക്കക്ക ശേഖരിച്ച് ബണ്ടിന്റെ തെക്ക് ഭാഗത്ത് നിക്ഷേപിച്ച് വളർത്തിയെടുക്കുകയാണ് ലക്ഷ്യം.

വേമ്പനാട്ടു കായലിൽ കക്കാസഹകരണ സംഘങ്ങളുടെയും മത്സ്യഗ്രാമങ്ങളുടെയും സഹകരണത്തോടെ 25 കേന്ദ്രങ്ങളിലാണു കക്കയും കരിമീനും നിക്ഷേപിച്ചത്. 14 കേന്ദ്രങ്ങളിൽ കരിമീനും 11 കേന്ദ്രങ്ങളിൽ കക്കയും. 6 മാസം മുതൽ 9 മാസം വരെ ഇവ സംരക്ഷിച്ചു. മല്ലിക്കക്ക നിക്ഷേപിച്ച സ്ഥലങ്ങളിൽ അടയാളങ്ങളും ബോർഡുകളും വച്ചു വേർതിരിച്ചു. കരിമീൻ സംരക്ഷണത്തിനായി മുളംകുറ്റിയും ഓലയും മറ്റും ഉപയോഗിച്ച് പ്രത്യേക സങ്കേതമുണ്ടാക്കി.

രണ്ടുവർഷം മുൻപ് ഫിഷറീസിന്റെയും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (സിഎംഎഫ്ആർ) വിദഗ്ധ സംഘം വേമ്പനാട് കായൽ സന്ദർശിച്ചാണ് പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയത്.

സിഎംഎഫ്ആർഐ റിട്ട.പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.കെ.കെ.അപ്പുക്കുട്ടൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.സുനിൽ മുഹമ്മദ്, കായൽനില ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ ഡോ.കെ.ജി.പത്മകുമാർ തുടങ്ങിയവരുടെ നേതൃത്വത്തിലാണു വേമ്പനാട് കായലിൽ സന്ദർശനം നടത്തിയത്. ദീർഘകാലാടിസ്ഥാനത്തിൽ കറുത്ത കക്കായുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതി കക്കാസഹകരണ സംഘങ്ങളുടെ സഹകരണത്തോടെയാണ് ജില്ലയിൽ നടപ്പാക്കിയത്.

“ വേമ്പനാട്ട് കായലിൽ കക്കാവാരിയും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന തൊഴിലാളികൾക്ക് ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് കക്കാ സംരക്ഷണ പദ്ധതിയും മത്സ്യസംരക്ഷണ പദ്ധതിയും.

കൂടുതൽ സ്ഥലങ്ങളിൽ നടപ്പാക്കണമെന്ന് കക്കാസൊസൈറ്റികൾ ആവശ്യപ്പെടുന്നുണ്ട്. മല്ലിക്കക്കാ വാരുന്നവർക്കെതിരെയും അനധികൃത മത്സ്യബന്ധനം നടത്തുന്നവർക്കെതിരെയും ശക്തമായ നടപടി എടുക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

■ **എസ്.ഐ.രാജീവ്**
(ഫിഷറീസ് വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ)

ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികൾ എത്തുന്നുണ്ട്. കക്കാവാരൽ മുതൽ ഇതു പുഴുങ്ങി ഇറച്ചിയാക്കുന്നതുവരെ വലിയ കഷ്ടപ്പാടാണ്. രണ്ടുപേർ കഷ്ടപ്പെടുന്നതനുസരിച്ച് കക്കായിറച്ചിക്ക് പലപ്പോഴും വില ലഭിക്കാറില്ല. വിൽപന സാധ്യതകൂടിയുണ്ടെങ്കിൽ തൊഴിലാളികൾക്കു ജീവിക്കാൻ കഴിയും.

■ **സി.എൻ.രാധാകൃഷ്ണൻ (കക്കാത്തൊഴിലാളി)**

മല്ലിക്കക്ക വാരുന്നതു കർശനമായി അധികൃതർ നിരോധിച്ചിട്ടുള്ളതാണെങ്കിലും അനധികൃതമായി മല്ലിക്കക്കവാരൽ വേമ്പനാട്ടു കായലിന്റെ പല ഭാഗത്തും തുടരുന്നു. ഇത് കക്കയുടെ ഉൽപാദനത്തിനു ഭീഷണിയാണ്. താൽക്കാലിക നേട്ടം മുൻനിർത്തിയാണ് നാലിലൊന്നു വളർച്ച പോലുമെത്താത്ത മല്ലിക്കക്ക വാരുന്നത്. ഇതു ശക്തമായി തടയണം.

■ **ടി.ബാബു ആര്യാട് (കക്കാത്തൊഴിലാളി)**



കായലിൽ നിന്നു വാരിക്കൊണ്ടുവന്ന കക്കയിൽ നിന്ന് ഇറച്ചി വേർതിരിക്കാൻ വലിയ പാത്രത്തിൽ പുഴുങ്ങുന്നു.

## കക്കയ്ക്കു മാത്രമല്ല, കക്കാത്തോടിനും വില

കായലിൽ മറ്റു മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞതിനാൽ മത്സ്യത്തൊഴിലാളികളിൽ കൂടുതൽ പേരും നിലവിൽ കക്കാവാരൽ തൊഴിലിലേക്കു തിരിഞ്ഞിട്ടുണ്ട്. തണ്ണീർമുക്കം ബണ്ടിനു തെക്കുഭാഗത്ത് വലുപ്പം കൂടിയ കക്കയും വടക്കുഭാഗത്ത് വലുപ്പം കുറഞ്ഞ കക്കയുമാണ് ലഭിക്കുന്നത്.

തണ്ണീർമുക്കം, മുഹമ്മ, മണ്ണഞ്ചേരി, ആര്യാട് തുടങ്ങിയ മേഖലകളിൽ പൂർണ വളർച്ചയെത്തുമ്പോൾ വാരിയെടുത്താൽ കക്കയിറച്ചിക്ക് കിലോയ്ക്ക് 100 മുതൽ 150 രൂപവരെ ലഭിക്കും. കക്കയുടെ തൊണ്ട് സൂക്ഷിച്ച് വിൽപന നടത്തുന്നതിലൂടെയും വരുമാനം ലഭിക്കുന്നു.

ഒരുകിലോയ്ക്ക് 4 രൂപവരെ ലഭിക്കും. തണ്ണീർമുക്കം ബണ്ടിനു വടക്കുഭാഗത്ത് വലിപ്പം കുറഞ്ഞ കക്കയായതിനാൽ ഇറച്ചിക്ക് 60 രൂപ മുതൽ 120 രൂപവരെയാണ് ലഭിക്കാറുള്ളത്. കക്കാത്തോടിന്റെ വലുപ്പം അനുസരിച്ച് കിലോയ്ക്ക് 3 രൂപവരെ ലഭിക്കും. തണ്ണീർമുക്കം ബണ്ട് അടയ്ക്കുന്നതു മൂലം കക്കയുടെ പ്രജനനത്തിന് ആവശ്യമായ ലവണജലം ലഭിക്കാത്തതാണ് തണ്ണീർമുക്കം ബണ്ടിന്റെ തെക്ക് ഭാഗത്ത് കക്കായുടെ ഉൽപാദനം കുറയുന്നതിന് കാരണം.